ഒരു ആര്യസമാജം പ്രസിദ്ധീകരണം
Date of Publication 10/07/2019

RNI NO. KERMAL /2013/53849
REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) മഹർഷി ദയാനന്ദസരസ്വതി. ഗമ്പാദകൻ: കെ.എം. രാജൻ | - Rs.250.00. |
| 2. | സന്ധ്യോപാസനയും അഗ്നിഹോത്രവും മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ | - Rs.60.00 |
| 3. | വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ | - Rs.40.00 |
| 4. | ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ | - Rs.10.00 |
| 5. | സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം - കെ.എം.രാജൻ | - Rs.10.00 |
| 6. | വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ | - Rs.20.00 |
| 7. | വേദാന്തിധ്വാന്ത നിവാരണം മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ | - Rs.25.00 |
| 8. | പൂനാ പ്രവചനം (ഉപദേശമഞ്ജരി) മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ | - Rs.60.00 |
| 9. | ആര്യോദ്ദേശ്യ രത്നമാല മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ | - Rs.25.00 |
| 10. | സംശയനിവാരിണി ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ | - Rs.140.00 |
| 11. | വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ | - Rs.40.00 |
| 12. | മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) കെ.എം.രാജൻ | - Rs.60.00 |
| 13. | ശത്രുവോ? മിത്രമോ? - കെ.എം.രാജൻ | - Rs.35.00 |
| 14. | ശിവസങ്കല്പം - കെ.എം.രാജൻ | - Rs.30.00 |
| 15. | ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ | - Rs.40.00 |
| 16. | വൈദിക ഈശ്വരൻ - കെ.എം.രാജൻ | - Rs.35.00 |
| 17. | കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് കെ.എം.രാജൻ | - Rs.40.00 |

(പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

| | | |
|---|---|---|
| 1. | ദ്രൗപദിയും പഞ്ചപതികളും | - അമർസ്വാമി സരസ്വതി തർജ്ജമ : കെ.എം.രാജൻ |
| 2. | യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) | - സ്വാമി സത്യപതി പരിവ്രാജക് തർജ്ജമ. കെ.എം.രാജൻ |
| 3. | വേദങ്ങളെ അറിയുക | - ഡോ.വിവേക് ആര്യ തർജ്ജമ: കെ.എം.രാജൻ |
| 4. | അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | - കെ.എം.രാജൻ |
| 5. | പുരാണങ്ങൾ സത്യവും മിഥ്യയും | - കെ.എം.രാജൻ |
| 6. | 1921 മാപ്പിള ലഹള | - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ |

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം
**വൈദിക-ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 8 ലക്കം 01

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ്- നഭസ്യ
ചാന്ദ്രമാസം : ശ്രാവണം- ഭാദ്രപദം, കൊല്ലവർഷം 1194 കർക്കടകം - ചിങ്ങം 2019 ജൂലായ്

വാർഷിക വരിസംഖ്യ: ₹ 100/- ദീർഘകാലം: ₹1500/-



## ആചാര്യ ആര്യഭാസ്കർജി (1931 - 2013)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ

| | | |
|---|---|---|
| ജൂലായ് 6 | : | ശ്യാമപ്രസാദ് മുഖർജി ജന്മദിനം |
| ജൂലായ് 19 | : | മംഗൾപാണ്ഡെ ജന്മദിനം |
| ജൂലായ് 21 | : | ആചാര്യ ആര്യഭാസ്ക്കർജി നിർവ്വാണദിനം |
| ജൂലായ് 23 | : | ബാലഗംഗാധരതിലക് ജന്മദിനം, ചന്ദ്രശേഖർ ആസാദ് ജന്മദിനം |
| ജൂലായ് 27 | : | ശഹീദ് ഉദ്ധംസിങ്ങ് രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം!"*

# വേദാദ്ധ്യയനം

(മുൻലക്കത്തിന്റെ തുടർച്ച)



**മണ്ഡലം 1** **സൂക്തം 9**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പിപീലികാ മദ്ധ്യാ**
**നിച്യത് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**അസ്മാന്ത്സു തത്ര ചോദയേന്ദ്ര രായേ രഭസ്വതഃ।**

**തുവിദ്യുമ്ന യശസ്വതഃ॥ (ഋഗ്വേദം 1.9.6)**

**പദാർത്ഥം :** അല്ലയോ (തുവിദ്യുമ്ന) അത്യന്തവിദ്യാദി ധനയുക്തനും (ഇന്ദ്ര) അന്തര്യാമിയുമായ ഈശ്വരാ!(രഭസ്വതഃ) ആലസ്യത്തെ വെടിഞ്ഞ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്ന (യശസ്വതഃ) സൽകീർത്തിയോടു കൂടിയ (അസ്മാന്) ഞങ്ങൾ പുരുഷാർത്ഥം, വിദ്യാധർമ്മം, സർവ്വോപകാരം എന്നിവക്കായി നിത്യവും പ്രയത്നിക്കുന്ന മനുഷ്യർക്ക് (തത്ര) ശ്രേഷ്ഠപുരുഷാർത്ഥത്താൽ (രായേ) ഉത്തമങ്ങളായ ധനപ്രാപ്തിക്കായി (സുചോദയ) നല്ലവണ്ണം യുക്തരാക്കിയാലും.

**ഭാവാർത്ഥം:** ഈ സൃഷ്ടിയിൽ പരമേശ്വരന്റെ ആജ്ഞക്കനുകൂലമായി പ്രവർത്തിക്കുകയും പുരുഷാർത്ഥിയും യശസ്വിയുമായിത്തീർന്ന് വിദ്യയുടേയും രാജലക്ഷ്മിയുടേയും പ്രാപ്തിക്കായി നിരന്തരം ഉപായങ്ങൾ കണ്ടെത്തുകയാണ് എല്ലാ മനുഷ്യർക്കും ഉചിതമായിട്ടുള്ളത്. ഇപ്രകാരം ഗുണങ്ങളുള്ള പുരുഷന്മാർക്കാണ് (മനുഷ്യർക്ക് – പരിഭാഷകൻ) സർവ്വപ്രകാരത്തിലുള്ള സുഖങ്ങളും ലഭിക്കുക. എന്തെന്നാൽ പുരുഷാർത്ഥികളായ സജ്ജനങ്ങൾക്കുമാത്രമാണ് ഈശ്വരൻ സർവ്വ സുഖങ്ങളും ഉണ്ടാക്കിയിരിക്കുന്നത്.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

**കാറൽമണ്ണ:** ആര്യസമാജം മാതൃസമിതിയുടെ നേതൃത്വത്തിൽ പെൺകുട്ടികൾക്കായുള്ള ശാക്തീകരണ ശിൽപ്പശാല മേയ് 31 ന് കാലത്ത് 9ന് ചെർപ്പുളശ്ശേരി നഗരസഭാധ്യക്ഷ ശ്രീമതി ശ്രീലജ വാഴക്കുന്നത്ത് ഉദ്ഘാടനം ചെയ്തു ചെർപ്പുളശ്ശേരി ഗവ.ഹൈസ്കൂൾ പ്രധാനദ്ധ്യാപിക ശ്രീമതി ടി. ഉഷാരത്നം യോഗത്തിൽ അധ്യക്ഷത വഹിച്ചു. നഗരസഭാംഗം ശ്രീ.കെ. എം. ഇസ്ഹാഖ് ആശംസകൾ അർപ്പിച്ചു. വിദ്യാഭ്യാസ - മനഃശാസ്ത്ര രംഗത്തെ പ്രമുഖർ ശിൽപ്പശാലക്ക് നേതൃത്വം നൽകി. ആര്യസമാജം നടത്തുന്ന സൗജന്യ ട്യൂഷൻ കേന്ദ്രത്തിൽ നിന്നു പഠിച്ച് കഴിഞ്ഞ എസ്.എസ്. എൽ.സി പരീക്ഷക്ക് എല്ലാം വിഷയങ്ങളിലും A+ കരസ്ഥമാക്കിയ നീലിമ എന്ന വിദ്യാർത്ഥിനിയെ അനുമോദിക്കുന്ന ചടങ്ങും നടന്നു. തികഞ്ഞ സേവന ഭാവത്തോടെ കഴിഞ്ഞ നാലു വർഷത്തോളമായി ആര്യസമാജം ട്യൂഷൻ കേന്ദ്രത്തിലേയും വേദഗുരുകുലത്തിലേയും വിദ്യാർത്ഥികളെ പഠിപ്പിച്ചുവരുന്ന ശ്രീ.ടി.എം. ഭവദാസൻ മാഷിനെ ആദരിക്കുന്ന ചടങ്ങും നടന്നു. ശ്രീമതി കല്യാണി ജി നായർ സ്വാഗതവും ശ്രീമതി രാജി പ്രസാദ് നന്ദിയും പ്രകാശിപ്പിച്ചു. മാതൃസമിതി അദ്ധ്യക്ഷ ശ്രീമതി അജിത ഗണേഷിന്റെ നേതൃത്വത്തിലുള്ള അമ്മമാരാണ് ഈ ശിൽപ്പശാലക്ക് നേതൃത്വം നൽകിയത്.





**സംഭാവനകൾ അയക്കേണ്ട വിലാസം:**
**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം,**
**കാറൽമണ്ണ തപാൽ, പാലക്കാട്–679506**

**OUR BANK DETAILS**

**Account Name: VEDA GURUKULAM, SB A/C No: 4264000100086562**

**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർദളം – ബാലപംക്തി**

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഇ**ങ്ങനെ രണ്ടുമൂന്നു പ്രാവശ്യം പറഞ്ഞപ്പോൾ ഞാൻ പണ്ഡിറ്റ് കൃപാറാംജിയുടെ ആശയം അയാൾക്ക് വ്യക്തമാക്കി കൊടുക്കാനായി ആഗ്രഹിച്ചു. അപ്പോൾ അയാൾ കൂടുതൽ ക്ഷോഭിച്ചു. പിന്നീടും ഒന്നുരണ്ടു പ്രാവശ്യം ഞാൻ സദസ്സ് നിയന്ത്രിക്കാനായി എഴുന്നേറ്റപ്പോൾ മുൻഷി സാഹബ് തടഞ്ഞുകൊണ്ട് പറഞ്ഞു.

"താങ്കൾ ആരാണ്? ഇടക്കിടെ എഴുന്നേറ്റ് യോഗം നിയന്ത്രിക്കാൻ താങ്കളെ ചുമതലപ്പെടുത്തിയതാരാണ്"

സ്ഥാനീയ അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരമാണ് ഞാൻ ഇടപെടുന്നത്. എന്നാൽ മുൻഷിസാഹബ്ബിന് ഇത് വിശ്വാസമായില്ല. അപ്പോൾ ആര്യസമാത്തിന്റെ സ്ഥാനീയ പ്രധാൻ എന്റെ വാക്കുകൾ ശരിയാണെന്ന് പറഞ്ഞു. പഞ്ചാബ് ആര്യപ്രതിനിധിസഭയുടെ അദ്ധ്യക്ഷനാണ് താനെന്നും അതിനാലാണ് സഭാ നടപടികളിൽ ഇടപെടുന്നത് എന്നും പറഞ്ഞപ്പോൾ മുൻഷി സാഹബ്ബ് പറഞ്ഞു. താങ്കൾക്ക് എന്തെങ്കിലും ചുമതലകൾ ഉള്ളതായി പത്രങ്ങളിലോ പ്രചാരകന്മാരുടെ സൂചികകളിലോ കണ്ടിട്ടില്ലല്ലോ? അതിനാൽ താങ്കൾ തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷനല്ല. അപ്പോൾ ഞാനദ്ദേഹത്തോടു ചോദിച്ചു. "എന്താ, താങ്കൾക്കെന്റെ പേരെങ്കിലും അറിയുമോ?" മുൻഷി അബ്ദുൾലത്തീഫിൽ നിന്നും ഉടൻ മറുപടി വന്നു. "നന്നായറിയാം. താങ്കൾ പണ്ഡിറ്റ് ലേഖ്റാമാണ്" . ഇതുകേട്ട് ശ്രോതാക്കൾ ഉറക്കെ പൊട്ടിച്ചിരിച്ചു. പഞ്ചാബി ഭാഷയിലെ ഒരു ചൊല്ല് എനിക്കപ്പോൾ ഓർമ്മവന്നു.

"നാമീ – ശാഹ് ഖട്ട് ഖായ്, ബദനാമ് ചോർമാരാജായ്" (പേരും പ്രശസ്തിയും അധികാരവുമുള്ളവർ എന്തുപറഞ്ഞാലും ജനം അതംഗീകരിക്കാം. മറ്റുള്ളവർ പറഞ്ഞാൽ തള്ളിക്കളയും). തന്റെ (പണ്ഡിറ്റ് ലേഖ്റാമിന്റെ) പ്രഭാഷണങ്ങൾ മുൻഷി സാഹബ്ബ് നേരത്തെ കേട്ടിരുന്നുവെങ്കിലും എന്നാൽ എന്റെ പ്രഭാഷണശേഷം അഞ്ചുരൂപ എന്റെ കയ്യിൽ തന്നിട്ട് ഞാൻ എന്തെങ്കിലും ശുഭകാര്യത്തിനായി ഇത് ഉപയോഗിച്ചോളാൻ പറഞ്ഞു.

2. സ്വാമി ശ്രദ്ധാനന്ദൻ തുടർന്ന് എഴുതുന്നു "രണ്ടാമത്തെ രസകരമായ സംഭവം രാത്രിയിൽ ഉണ്ടായി. പത്തുപന്ത്രണ്ടു നാൾ രാവും പകലും ജോലിയെടുത്തതിനാൽ ക്ഷീണിതനായ ഞാൻ ഏകാന്തമായൊരിടത്തു പോയി ഉറങ്ങാൻ കിടന്നു. ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ രണ്ടുപേർ വന്ന് എന്റെ കാലിൽ അമർത്താൻ തുടങ്ങി. ഞാൻ പെട്ടെന്നുണർന്നു. ക്ഷമ ചോദിച്ച അവർ എന്നോട് പറഞ്ഞത് എന്തോ അനർത്ഥം സംഭവിക്കാൻ പോകുന്നുവെന്നാണ്. "

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക–ദാർശനിക മാസിക**

പുസ്തകം : 8 ലക്കം 01

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ്– നഭസ്യ

ചാന്ദ്രമാസം : ശ്രാവണം– ഭാദ്രപദം, കൊല്ലവർഷം 1194 കർക്കടകം – ചിങ്ങം 2019 ജൂലായ്

**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| മനുസ്മൃതി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| തന്മേമനഃ ശിവസങ്കല്പമസ്തു: | | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)

### മാറ്റങ്ങൾക്ക് വിധേയമാവുന്ന പ്രകൃതിയുടെ നിയമം അചഞ്ചലമാണ്



**മ**തങ്ങളിൽ വിശ്വസിക്കുന്നവർ ഉന്നയിക്കുന്ന ഒരാക്ഷേപം പ്രകൃതി, മാറ്റങ്ങൾക്ക് വിധേയമായതിനാൽ ഈശ്വരീയ നിയമങ്ങളും കാലത്തിനനുസരിച്ച് മാറുമെന്നാണ്. ഇത്തരം വാദങ്ങളുന്നയിക്കുന്നവർ ഒരു കാര്യം മറന്നുപോവുന്നു. മനുഷ്യരുണ്ടാക്കുന്ന നിയമങ്ങൾ ഇടക്കിടെ മാറ്റപ്പെടുന്നത് ജീവാത്മാവ് അൽപ്പജ്ഞനായതിനാലാണ് എന്നതാണ്. സർവ്വജ്ഞനായ ഈശ്വരന്റെ നിയമങ്ങൾ ഒരിക്കലും മാറുന്നില്ല. ഇടക്കിടെ കൂട്ടിച്ചേർക്കേണ്ടിയും വരുന്നില്ല. സത്യം നശിക്കുന്നില്ല, ജനിക്കുന്നുമില്ല. അതിനാലത് നിത്യമാണ്. ഇത് ഏവർക്കും അംഗീകരിക്കാൻ വിഷമമുണ്ടാവില്ല.

വേദജ്ഞാനം അനാദിയാണ്. ദേശകാലാതിവർത്തിയായ ബന്ധനങ്ങൾക്കതീതമാണ്. വേദങ്ങൾ എല്ലാ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

വർക്കും വേണ്ടിയുള്ളതാണ്. എല്ലാ യുഗങ്ങളിലേക്കും വേണ്ടിയുള്ളതുമാണ്. ഇംഗ്ലീഷ് വ്യാകരണത്തിൽ പ്രത്യക്ഷവും പരോക്ഷവുമായ കാര്യങ്ങളെക്കുറിച്ച് Direct, Indirect എന്നു പറയാറുണ്ടല്ലോ? സാർവ്വകാലീന സത്യങ്ങൾ പറയുമ്പോൾ ആ വാചകത്തിന്റെ കാര്യത്തിൽ (Tense) മാറ്റമുണ്ടാവുന്നില്ല. അതെല്ലായ്പ്പോഴും ഒരു പോലെയിരിക്കും. ഉദാഹരണത്തിന് One and one makes two, Unity is strength .... എന്നിവ നോക്കുക. എന്തുകൊണ്ടാണിവയുടെ കാലം (Tense) മാറാത്തത്? അത് Universal Truth ആയതിനാലാണ്. സത്യം കാലാതീതമാണ്. അഥർവ്വവേദത്തിൽ (10.8.23) ഈ സിദ്ധാന്തത്തെ വർണ്ണിക്കുന്ന ഒരു മന്ത്രമുണ്ട്.

സനാതന മേനാഹുരുതാദ്യ സ്യാത് പുനർണവഃ।

ആഹോ രാത്രേ പ്ര ജായതെ അന്യോ അന്യസ്യ രൂപയോഃ॥

**അർത്ഥം:** ഇപ്പോഴുള്ളതും പുതിയതായും തോന്നുന്നതിനെ സനാതനമെന്ന് പറയുന്നു. ദിനരാത്രങ്ങൾ ഒന്ന് മറ്റൊന്നിന്റെ രൂപത്തിൽ ഉൽപ്പന്നമാവുന്നു. എല്ലാ ഞായറാഴ്ചയും തിങ്കളാഴ്ചയും പുതിയതാണ്. ഓരോ ദിനവും പുതിയതാണ്. എന്നാൽ ഈ ദിനരാത്രങ്ങളുടെ ചക്രം എത്ര പ്രാചീനമാണ് എന്നോർക്കുക. പഴയതായിട്ടു പോലും പുതിയതാണ്. ഇതിനുള്ള കാരണമെന്താണ്? ഇത് മാറ്റമില്ലാത്ത നിയമമാവുന്നതിനാലാണത് സംഭവിക്കുന്നത്.

സത്യം നിത്യമാണ്, നൂതനവുമാണ്. ഇത് എല്ലാവരും അംഗീകരിക്കും. വൈദികധർമ്മം പുരാതനമാണ്. സനാതനവുമാണ്. ഇത് ഒരു വാസ്തവമാണ്. മനുഷ്യരുടെ മംഗളത്തിന് ഇതാണ് മാർഗ്ഗം. മാറിക്കൊണ്ടിരിക്കുന്നത് സത്യമാവില്ല. സത്യമല്ലാത്തത് മാനനീയവുമല്ല, ഹിതകാരിയുമല്ല. അസത്യത്തെ ത്യജിക്കുന്നതിലും സത്യത്തെ ഗ്രഹിക്കുന്നതിലുമാണ് മാനവരാശിക്കു ഗുണകരമായിട്ടുള്ളത്.

(തുടരും)

പത്രാധിപർ

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

**OUR BANK DETAILS**

**Account Name: DAYANANDA SANDESAM, SB A/C No: 4264000100072426**

**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**





(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

**അദ്ധ്യായം 3** **വേദങ്ങളിൽ സ്ത്രീ**

**ആ**ൺകുട്ടികളുടെ ഗുരുകുലവും കന്യാഗുരുകുലവും തമ്മിൽ ഏറ്റവും ചുരുങ്ങിയത് രണ്ടു മൈൽ ദൂരമുണ്ടായിരിക്കണം. കന്യാഗുരുകുലത്തിൽ അധ്യാപകരും ഭൃത്യന്മാരും മറ്റെല്ലാവരും സ്ത്രീകളായിരിക്കണം. ആൺകുട്ടികളുടെ ഗുരുകുലത്തിൽ പുരുഷന്മാരും. സ്ത്രീകളുടെ പാഠശാലയിൽ അഞ്ചുവയസ്സുള്ള ഒരാൺകുട്ടിയും പെൺകുട്ടികളുടെ പാഠശാലയിൽ അഞ്ചുവയസ്സ് പ്രായമുള്ള പെൺകുട്ടികളും പോകാൻ പാടില്ല അവർ ബ്രഹ്മചാരിണികളായിരിക്കുന്നിടത്തോളം കാലം പുരുഷന്റെ ദർശനം, സ്പർശനം, ഏകാന്തസേവനം, ഭാഷണം, വിഷയകഥകൾ, പരസ്പരക്രീഡകൾ, വിഷയങ്ങളെക്കുറിച്ചുള്ള ചിന്തകൾ, പരസ്പരബന്ധം എന്നീ എട്ടുപ്രകാരത്തിലുള്ള മൈഥുനങ്ങളിൽനിന്ന് വിട്ടുനിൽക്കണം.

അഞ്ചുവയസ്സോ എട്ടുവയസ്സോ കഴിഞ്ഞ ആൺകുട്ടികളേയും പെൺകുട്ടികളേയും ആരും വീട്ടിൽ നിർത്താൻ പാടില്ല. പാഠശാലയിലേക്കയക്കണം എന്നും അത് ചെയ്യാത്തവരെ ശിക്ഷിക്കണം എന്നുമുള്ള രാജനിയമവും സാമുദായിക നിയമവും ഉണ്ടാവണം.

സ്ത്രീവിദ്യാഭ്യാസത്തിന്റെ മഹത്വത്തെക്കുറിച്ച് മഹർഷി ദയാനന്ദൻ വളരെ നന്നായി ഉൾക്കൊണ്ടിരുന്നു. എന്തെന്നാൽ ശിശുവിന്റെ ആദ്യ ഗുരുനാഥ മാതാവായതിനാൽ സ്ത്രീകൾക്ക് നല്ല വിദ്യാഭ്യാസമുണ്ടാവേണ്ടത് അത്യാവശ്യമാണ്. മഹർഷി വിദ്യാഭ്യാസത്തിനുവേണ്ടി ശക്തമായി വാദിച്ചിരുന്നവനായിരുന്നെങ്കിലും ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നുള്ള പഠനത്തോടദ്ദേഹം വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. മാത്രവുമല്ല, ആൺകുട്ടികളുടെ പാഠശാലയിൽ പുരുഷന്മാരും പെൺകുട്ടികളുടെ പാഠശാലയിൽ സ്ത്രീകളുമായിരിക്കണം അദ്ധ്യാപകർ എന്നദ്ദേഹം നിഷ്കർഷിച്ചിരുന്നു. സമാജത്തിലുണ്ടാവാനിടയുള്ള ദുരാചരണം, ബലാൽക്കാരം, ശാരീരിക പീഢനം, സംസ്കാരഹാനി എന്നിവയിൽനിന്ന് യുവതീയുവാക്കളെ രക്ഷിച്ച് അവരെ രാഷ്ട്രനിർമ്മാണത്തിന് തയ്യാറാക്കി എടുക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. ദുരാചാരം മനുഷ്യന് വിനാശമുണ്ടാക്കുമെന്നദ്ദേഹം കരുതിയിരുന്നു.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*

*ധർമ്മാചരണം ചെയ്യൂ !*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**സ്വ**ന്തം സാമർത്ഥ്യത്താൽ ജീവിതം നയിക്കാൻ കഴിവില്ലാത്തവരേയാണ് അനാഥരെന്നു പറയുന്നത്. ബാലന്മാർ, വൃദ്ധന്മാർ, അംഗഭംഗം വന്നവർ, രോഗികൾ മുതലായവർ ഉദാഹരണം. അവർക്കുവേണ്ടിയും ശരീരം, മനസ്സ്, ധനം എന്നിവയാൽ യഥായുക്തം കാര്യസിദ്ധി നേടണം. പക്ഷെ, അലസന്മാരായിരുന്ന് നഷ്ടബുദ്ധികളായിത്തീരാൻ ആരേയും അനുവദിക്കരുത്. സ്വന്തം മക്കൾ ഉൾപ്പെടെയുള്ളവർക്ക് ഉണ്ണാനും ഉടുക്കാനും വിദ്യാഭ്യാസം നൽകാനും എത്രകണ്ട് സൗകര്യം നൽകിയാലും അതധികമാവില്ല. എന്നാൽ ആരേയും അലസന്മാരാക്കുകയോ സ്വയം ആവുകയോ അരുത്.

**ചോദ്യം : വിവാഹിതരായ സ്ത്രീ-പുരുഷന്മാർ പരസ്പരം എങ്ങനെ പെരുമാറണം?**

**ഉത്തരം** : മറ്റുള്ളവർക്ക് അപ്രിയമായ ആചരണങ്ങൾ ഇരുവരും ചെയ്യരുത്. അതായത് ഏതെല്ലാം ആചരണമാണോ മറ്റൊരാൾക്ക് ദുഃഖമുണ്ടാക്കുന്നത് അതാരും ചെയ്യരുത്. വ്യഭിചാരം തുടങ്ങിയവ ഉദാഹരണം. അന്യോന്യം കണ്ട് പ്രസന്നചിത്തരാവണം. പരസ്പരം പരിചരിക്കണം. ഭക്ഷണം, വസ്ത്രം, ആഭരണങ്ങൾ, പ്രിയവചനങ്ങൾ എന്നിവയാൽ പുരുഷൻ സ്ത്രീയെ പ്രസന്നയാക്കിവെക്കണം. വീട്ടുകാര്യങ്ങൾ എല്ലാം സ്ത്രീയുടെ നിയന്ത്രണത്തിലാവണം. സ്ത്രീയും തന്റെ ഭർത്താവിനോട് പ്രസന്നവദനയായിരിക്കണം. ആഹാരപാനീയങ്ങൾ, പ്രേമഭാവം എന്നിവയാൽ അദ്ദേഹത്തെ സന്തുഷ്ടനാക്കണം. അങ്ങനെ ഉത്തമസന്താനങ്ങൾ ഉണ്ടാവണം. പരസ്പരമുള്ള ആനന്ദവർദ്ധനവിന് ഇതാണ് വഴി.

**ചോദ്യം : അങ്ങനെയല്ലെങ്കിൽ എന്താണ് കുഴപ്പം?**

**ഉത്തരം** : സർവ്വനാശം. പരസ്പരം പ്രീതിയോട് കൂടി പെരുമാറാത്തവരുടെ ഗൃഹസ്ഥാശ്രമത്തിൽ ഒട്ടും സുഖമോ ഉത്തമ സന്താനങ്ങളോ ഐശ്വര്യമോ ശ്രേഷ്ഠ പദാർത്ഥങ്ങളോ ഒരിക്കലുമുണ്ടാവില്ല. മനു പറയുന്നത് കേട്ടാലും.

**സന്തുഷ്ടോ ഭാര്യയാ ഭർത്താ ഭർത്രാഭാര്യാ തഥൈവച|**
**ആസ്മിന്നേവ കുലേ നിത്യം കല്യാണം തത്ര വൈ ധ്രുവമ്||**
(മനുസ്മൃതി 3.60)

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം - 3 വേദാനാംനിത്യത്വ വിചാരഃ

**യ**ഥാ സംയോഗവിയോഗാന്തർഗതത്വാന്നാസ്മദാദീനാം പ്രകൃതിപരമാണ്വാദീനാം സംയോഗവിയോഗകരണേസാമർത്ഥ്യമസ്തി, തഥേശ്വരേ ƒ പി ഭവേത്|

അന്ന്യച്ച - യതഃ സംയോഗവിയോഗാരംഭോ ഭവതി, സ തസ്മാത് പൃഥക് ഭൂതോ ƒസ്തി, തസ്യ സംയോഗവിയോഗാരംഭസ്യാദികാരണത്വാത് (വൈ.യ-മുദ്രിതേ 'വിയോഗാരബ്ധസ്യാദി' പാഠ ഉപലഭ്യതേ, സോ ƒപ പാഠഃ|പ്രകൃതേ ƒനന്വയാത്, ഉത്തരവാക്യേ ച 'ആരംഭ' ശബ്ദസ്യൈവ പ്രയോഗാച്ച) ആദികാരണസ്യാഭാവാത് സംയോഗവിയോഗാരംഭസ്യാനൂൽപത്തേശ്ച|ഏവംഭൂതസ്യ സദാനിർവ്വികാരസ്വരൂപസ്യാജസ്യാനാദേർനിത്യസ്യസത്യസാമർത്ഥ്യ സ്യേശ്വരസ്യ സകാശാദ് വേദാനാം പ്രാദുർഭാവാത്, തസ്യജ്ഞാനേ സദൈവ വർത്തമാനത്വാത് സത്യാർത്ഥവത്ത്വം നിത്യത്വം ചൈതേഷാമസ്തീതി സിദ്ധമ്|

### ഇതി വേദാനാം നിത്യത്വവിചാരഃ

**ഭാവാർത്ഥം:** ചോദ്യം: മനുഷ്യരുടെ സ്വാഭാവിക പ്രവൃത്തികളിൽ നിന്നും സുഖദുഃഖാനുഭവമുണ്ടാകുന്നു. അതിൽ നിന്നും ക്രമേണ ഉത്തരോത്തരം വിദ്യയുടെ വൃദ്ധിയുണ്ടാകുന്നു. അപ്പോൾ വേദങ്ങളും മനുഷ്യരുണ്ടാക്കിയതാവാം. പിന്നെന്തിനാണ് ഈശ്വരനാണ് വേദങ്ങൾ ഉണ്ടാക്കിയത് എന്നു പറയുന്നത്?

**ഉത്തരം:** വേദോൽപ്പത്തിയെക്കുറിച്ചു വിവരിച്ചപ്പോൾ ഇതിന്റെ ഉത്തരം പറഞ്ഞിട്ടുണ്ട്. അവിടെ (തസ്യാപ്യന്യഃ ഇത്യേവശുദ്ധഃ പാഠോ ƒത്ര ജ്ഞേയഃ യദ്വാ 'തസ്യാപ്യന്യസ്തസ്യാപ്യന്യ' ഇത്യേവം പാഠം ഭാവ്യമ്| മുദ്രിത പാഠസ്തുപയുക്ത ഇതി പ്രതിഭാതി) അവിടെ നാം പറഞ്ഞത് ഇക്കാലത്ത് എപ്രകാരമാണോ പണ്ഡിതന്മാരിൽ നിന്നും പഠിക്കാതെ ആരും പണ്ഡിതന്മാരാവാത്തത് - അവരില്ലാതെ ഒരാൾക്കും ജ്ഞാനവൃദ്ധിയുണ്ടാവുന്നത് കാണാനില്ലാത്തത്, അപ്രകാരം തന്നെ സൃഷ്ടിയുടെ ആരംഭത്തിൽ ഈശ്വരോപദേശം ലഭിക്കാതെ ഒരു മനുഷ്യനും വിദ്യയുടേയും ജ്ഞാനത്തിന്റേയും വർദ്ധനവ് ഒരിക്കലും ഉണ്ടാവില്ല. ഇതിൽ പഠിപ്പില്ലാത്ത ബാലന്റേയും വനവാസികളുടേയും ദൃഷ്ടാന്തം നൽകിയിട്ടുണ്ട്.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

**4. മനുവിന്റെ അഭിപ്രായത്തിന് അനുകൂലമായതും സന്ദർഭോചിതവുമായ അർത്ഥം.**

**പരമ്പരാഗതമായ സംസ്കൃതം** – ഹിന്ദി ഭാഷ്യങ്ങളിലെ ഏതാനും ചോദ്യങ്ങളുടെ അർത്ഥം മനുവിന്റെ അഭിപ്രായത്തിനനുകൂലമോ സന്ദർഭത്തിനു യോജിക്കുന്നതോ അല്ല ഉദാ: 1.2.6, 137, 2.18, 3.5.6 തുടങ്ങിയവ. ചില ശ്ലോകങ്ങളുടെ അർത്ഥത്തിൽ ക്രമബദ്ധതയില്ല. ഉദാ: 1.14, 15, 16, 18, 19 തുടങ്ങിയവ. ഇത്തരത്തിലുള്ള ശ്ലോകങ്ങൾക്കെല്ലാം മനുവിന്റെ അഭിപ്രായത്തിനനുയോജ്യമായും സന്ദർഭം, ക്രമം എന്നിവക്ക് യോജിച്ചതുമായ അർത്ഥം നൽകിയിട്ടുണ്ട്. മാത്രമല്ല, അവയുടെ വിശകലനം നടത്തി അർത്ഥപുഷ്ടിയുടെ കാരണം, യുക്തി, പ്രമാണം എന്നിവയും നൽകിയിട്ടുണ്ട്. അതോടൊപ്പം അതാത് ശ്ലോകത്തിന്റെ ഇപ്പോൾ പ്രചാരത്തിലുള്ള അർത്ഥവും നൽകിയിട്ടുണ്ട്. അതിനാൽ വായനക്കാർക്കിത് തുലനാത്മകമായി നോക്കാവുന്നതാണ്. ഈ ഭാഷ്യത്തിൽ ഇത്തരത്തിൽ മാറ്റം വരുത്തിയ അർത്ഥങ്ങളുള്ള ശ്ലോകങ്ങൾ ഏതാണ്ട് 54 എണ്ണമുണ്ട്.

**5. ഭൂമികയുടെ ഭാഗത്ത് മനുസ്മൃതിയെപ്പറ്റിയുള്ള പുനർനിർണയം നൽകിയിട്ടുണ്ട്.**

ഗ്രന്ഥത്തിന്റെ ആരംഭത്തിൽ 'മനുസ്മൃതിയുടെ മൂല്യാങ്കനം' എന്ന പേരിൽ വിസ്തരിച്ചുള്ള ഭൂമിക നൽകിയിട്ടുണ്ട്. മനുസ്മൃതിയുമായി ബന്ധപ്പെട്ട സർവ്വപ്രശ്നങ്ങളും – മനുവിന്റെയും അദ്ദേഹത്തിന്റെ സ്മൃതിയുടേയും കാലം, മനുസ്മൃതിയുടെ ആദ്യത്തേയും ഇപ്പോഴത്തേയും രൂപം, മനുസ്മൃതിയിലെ പ്രക്ഷിപ്തങ്ങൾ ഗവേഷണാത്മകമായി കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ, അവയുടെ പരിഭാഷ, ഉദാഹരണ സഹിതമുള്ള വ്യത്യാസങ്ങൾ, മനുസ്മൃതിയുടെ അധ്യായങ്ങളുടെ വിഭജനം, മനുവിന്റെ മൗലികമായ കാഴ്ചപ്പാടുകൾ എന്നിവ യുക്തിയും പ്രമാണവും സഹിതം ചർച്ച ചെയ്തിട്ടുണ്ട്. ഈ വിവരണം മേൽ വിവരിച്ച വിഷയങ്ങളുടെ ഒരു പുതിയ മൂല്യാങ്കനമാണ്.

**6. മഹർഷി ദയാനന്ദന്റെ അർത്ഥവും ഭാവാർത്ഥവും.**

മഹർഷി ദയാനന്ദൻ തന്റെ ഗ്രന്ഥങ്ങൾക്കായി മനുസ്മൃതിയെ പ്രാഥമികാടിസ്ഥാനമായി അംഗീകരിച്ചിട്ടുണ്ട്. 425 ശ്ലോകങ്ങളുടെ ഭാവം മാത്രം ഉൾക്കൊണ്ടിട്ടുണ്ട്. മഹർഷി ദയാനന്ദൻ തന്റെ ഗ്രന്ഥങ്ങളിൽ മനുസ്മൃതിയിലെ ഏതെല്ലാം ശ്ലോകങ്ങൾ സ്വീകരിച്ചിട്ടുണ്ടോ അവയ്ക്കെല്ലാം 'ഋഷി അർത്ഥം' എന്ന ശീർഷകത്തിൽ ഭാഷ്യവും എഴുതിയിട്ടുണ്ട്.

**(തുടരും)**

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതി വാഹകരാണ്*







# സന്ധ്യാസാരം

അജിത ഗണേഷ്
തർജ്ജമ: കെ.കെ.ജയൻ

**(റോജഡിലുള്ള വാനപ്രസ്ഥ സാധക് ആശ്രമം തയ്യാറാക്കിയ (സന്ധ്യാസാർ എന്ന ഹിന്ദി ലഘുലേഖയുടെ മലയാള തർജ്ജമയാണിത്. ഇത് ഉപാസന ചെയ്യുന്ന ജിജ്ഞാസുക്കൾക്ക് ഏറെ ഉപകരിക്കുന്നതാണ്. പത്രാധിപർ)**

1. ഹേ പരമാനന്ദം നൽകുന്ന ഈശ്വരാ! ഞാനങ്ങയുടെ ശരണം തേടിയെത്തിയതാണ്. എന്റെ എല്ലാ ചിന്തകളും ഭയവും ശോകവും ദുഃഖവും ബന്ധനങ്ങളുമെല്ലാം ദൂരെക്കളഞ്ഞ് എനിക്ക് ആനന്ദം പകരൂ.....
2. ഹേ പരമാത്മാവായ ഈശ്വരാ! ഞാനിതാ അങ്ങയുടെ മുന്നിൽ പ്രതിജ്ഞ ചെയ്യുന്നു, – എന്റെ നാക്ക്, ചെവി, മൂക്ക്, കണ്ണ് തുടങ്ങിയ എല്ലാ ഇന്ദ്രിയങ്ങൾ കൊണ്ടും നല്ലകർമ്മങ്ങൾ മാത്രമേ ചെയ്യുകയുള്ളു. അപവിത്രമായ ഒരു കാര്യവും ചെയ്യുകയില്ല.
3. ഹേ, ജീവകാരുണ്യവാനായ പ്രഭോ! എന്റെ ജീവന്റെ ആധാരമാണങ്ങ്. ഞാൻ പ്രാണായാമത്തിന്റ നിത്യസാധകം ചെയ്ത് എന്റെ ഇന്ദ്രിയങ്ങളെയെല്ലാം എന്റെ സ്വാധീനത്തിൽ വരുത്തുന്നു.
4. ഹേ, പാപനാശകനും എല്ലാ സൃഷ്ടികളുടേയും രക്ഷകനുമായ അന്തര്യാമിയായ അങ്ങ് എന്റെ ശരീരത്തിലെ ഓരോ കണികകളിലും വസിക്കുന്നു. പാപകർമ്മങ്ങളെ തടയാൻ അങ്ങ് ഓരോ നിമിഷവും എന്നെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു. ഞാനെന്ന ഭക്തനെ പാപകർമ്മങ്ങളിൽനിന്ന് ദൂരെനിർത്താനുള്ള ശക്തി എന്നെന്നും എനിക്ക് പ്രദാനം ചെയ്യണമേ.
5. ഹേ, സർവ്വവ്യാപകനായ ഭഗവാനേ! അങ്ങ് എന്റെ ഇടതും വലതും മുൻഭാഗത്തും മുകളിലും താഴേയും അകത്തും പുറത്തും ശോഭിക്കുന്നു. സസ്യലതാദികളിലും സൂര്യചന്ദ്രന്മാരിലും വനസ്പതികളിലും അന്നത്തിലും വിദ്വാന്മാരിലും നിറഞ്ഞു നിന്നുകൊണ്ട് എന്നെ രക്ഷിക്കൂ. ഞാൻ ആരോടും വഴക്കുകൂടുകയോ മറ്റുള്ളവർ എന്നോടും വഴക്കുകൂടുകയോ അരുത്. എന്തുകൊണ്ടെന്നാൽ അങ്ങ് ന്യായകാരിയാണ്. അങ്ങ് നടപ്പാക്കുന്ന ന്യായവിധികളിൽ നിന്നും ആർക്കും മോചനമില്ല.
6. ഹേ, എന്നോടൊപ്പം എന്റെ ശരീരത്തിലും മനസ്സിലും വസിക്കുന്ന പരമേശ്വരാ! അങ്ങ് ജന്മാന്തരങ്ങളായി എന്റെ രക്ഷകനും മിത്രവുമാണ്. എന്റെ അറിവില്ലായ്മയും മനസ്സിലെ അന്ധകാരവും നീക്കിത്തരേണമേ!

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

നിദ്ര, ഉറക്കം തൂങ്ങൽ, ആലസ്യം, മൂർഛ തുടങ്ങിയ അവസ്ഥകളിൽ ജീവാത്മാവിന് വിശേഷജ്ഞാനമുണ്ടാവുന്നില്ല. അഥവാ വിശേഷജ്ഞാനമുണ്ടാക്കാനാവുന്നില്ല. ഈ അവസ്ഥക്കാണ് മൂഢാവസ്ഥ എന്നു പറയുന്നത്. ഈ അവസ്ഥയിൽ സത്വഗുണവും രജോഗുണവും അപ്രധാനമാവുന്നു. തമോഗുണപ്രധാനമാവുന്നു.

ഏതൊരവസ്ഥയിലാണോ മനുഷ്യർ ഏതെങ്കിലും വിശേഷ വിഷയത്തിൽ ചിത്തത്തെ ഏകാഗ്രമാക്കാൻ ശ്രമിക്കുന്നത്, അപ്പോൾ ചിത്തത്തിന് കുറച്ച് ഏകാഗ്രത വരുന്നത്, ആ സ്ഥിതി ഏതെങ്കിലും തടസ്സങ്ങൾ മൂലം മുറിഞ്ഞുപോവുന്നതിനെ "വിക്ഷിപ്താവസ്ഥ" എന്നുപറയുന്നു. ഈ തടസ്സകാരണം ബാഹ്യം, ആഭ്യന്തരം എന്നിങ്ങനെ രണ്ടു പ്രകാരത്തിലാവാം. ഉദാഹരണത്തിന് തീവ്രശബ്ദം, സ്പർശം, ഗന്ധം തുടങ്ങിയ ബാഹ്യവും അഭിലാഷയിൽനിന്ന് ഉടലെടുക്കുന്ന ജനിതസ്മൃതി, ആലസ്യം, നിദ്ര, ഉറക്കം തൂങ്ങൽ, സംശയം തുടങ്ങിയ ആന്തരികകാരണങ്ങൾ ഈ അവസ്ഥയിൽ സത്വഗുണപ്രധാനവും തമോഗുണം ഗൗണവുമാകും. ഇടക്കിടെ രജോഗുണം പ്രകടമാവുകയും ചെയ്യും.

ഏതൊരവസ്ഥയിലാണോ യോഗാഭ്യാസി വിവേകം, വൈരാഗ്യം തുടങ്ങിയ അഭ്യാസങ്ങളാൽ തന്റെ ചിത്തത്തെ യോഗത്തിനായി ഏതെങ്കിലും വിഷയത്തെ അധികാരപൂർവ്വം വളരെ കാലത്തോളം സ്ഥിരമാക്കി നിർത്തുന്നത് അതിനെ "ഏകാഗ്രാവസ്ഥ" എന്നുപറയും. ഈ അവസ്ഥയിൽ സംപ്രജ്ഞാത സമാധിയുണ്ടാവുന്നു. ഈ അവസ്ഥ സത്യഗുണപ്രധാനമാണ്. രജോഗുണവും തമോഗുണവും ഗുണമായിരിക്കും. ഈ അവസ്ഥയിൽ യോഗാഭ്യാസിക്ക് പദാർത്ഥങ്ങളുടെ യഥാർത്ഥ സ്വരൂപം അറിയാനാവുന്നു. ക്ലേശങ്ങൾ ക്ഷീണിക്കുന്നു. അശുഭവും ശുഭവും സകാമവുമായ കർമ്മങ്ങളുടെ വാസനകൾ ശിഥിലമാവുന്നു. അങ്ങനെ അയാൾ അസംപ്രജ്ഞാതസമാധിയെ പ്രാപിക്കാൻ യോഗ്യനാവുന്നു. ഈ അസംപ്രജ്ഞാത സമാധിക്ക് വിതർക്കാനുഗതം, വിചാരാനുഗതം, ആനന്ദാനുഗതം, അസ്മിതാനുഗതം എന്നിങ്ങനെ നാലു ഭേദങ്ങളുണ്ട്. ഈ വിഷയത്തെക്കുറിച്ച് ഈ പാദത്തിലെ പതിനേഴാം സൂത്രത്തിൽ വിവരിക്കാം.

(തുടരും)

| |
|---|
| *ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)* |
| *അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും* |





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 3 — പൗരാണിക ആഖ്യാനങ്ങളുടെ അനുക്രമണിക

വിസ്തൃതവും വിശാലവുമായ പൗരാണിക വാങ്മയത്തിലെ വിഷയങ്ങളുടെ ഒരു സംക്ഷിപ്ത പരിചയം വായനക്കാരുടെ അറിവിലേക്കായി ഈ അനുക്രമണികയിൽ വീണ്ടും കൊടുക്കുകയാണ്. പരമ്പരാഗതമായി കേട്ടുവരുന്ന പുരാണങ്ങളുടെ ക്രമാനുസാരമാണ് ഈ അനുക്രമണിക തയ്യാറാക്കിയിരിക്കുന്നത്. വ്യാസൻ 4 ഉപകരണങ്ങളുടെ അടിസ്ഥാനത്തിലാണ് പുരാണ രചന നടത്തിയതെന്ന് വിഷ്ണുപുരാണത്തിൽ പറയുന്നുണ്ട്. ആഖ്യാനം, ഉപാഖ്യാനം, ഗാഥ, കല്പ്പ ബുദ്ധി എന്നിവയാണ് ആ ഉപകരണങ്ങൾ. പുരാണങ്ങളിലെ ശ്ലോകസംഖ്യയെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമില്ലാത്തതിനാൽ ഏകദേശം പ്രാമാണികമാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ട അദ്ധ്യായങ്ങളുടെ സംഖ്യയാണ് ഈ അനുക്രമണികയിൽ നൽകുന്നത്.

1. **ബ്രഹ്മപുരാണം (245 അദ്ധ്യായങ്ങൾ)**

ക. പാർവ്വതി ഉപാഖ്യാനം (അദ്ധ്യായം 30-5-)
ഖ. ശ്രീകൃഷ്ണചരിതം (അദ്ധ്യായം 180-212)

2. **പദ്മപുരാണം (641 അദ്ധ്യായങ്ങൾ)**

| | | | |
|---|---|---|---|
| ക. | സമുദ്രമഥനം | ഖ. | വൃത്താസുരസംഗ്രാമം |
| ഗ. | വാമനാവതാരം | ഘ. | ആർക്കാണ്ഡേയന്റേയും കാർത്തികേയന്റേയും ഉൽപ്പത്തി |
| ങ. | രാമചരിതം | ച. | താരകാസുര വധം |
| ഛ. | സ്കന്ദവിവാഹം | ജ. | ഒിഷ്ണുചരിതം (സൃഷ്ടിഖണ്ഡം പഞ്ചമപർവ്വം) |
| ഝ. | സോമശർമ്മാവിന്റെ കഥ | ഞ. | സകുലയുടെ കഥ |
| ട. | ച്യവനന്റെ ആഖ്യാനം (ഭൂമി ഖണ്ഡം) | ട്ട. | ശകുന്തളോപാഖ്യാനം |
| ഡ. | ഉർവ്വശീപൂരുരവസ് ഉപാഖ്യാനം (സ്വർഗ്ഗഖണ്ഡം) | ഠ. | രാമായണകഥ |
| ണ. | ശൃംഗീ ഋഷിയുടെ കഥ | ത. | ഉത്തരരാമചരിതത്തിന്റെ കഥ |
| ഥ. | ഭാഗവത മഹിമാഖ്യാനം (പാതാള ഖണ്ഡം) | ദ. | രാമകഥ |

(തുടരും)

| |
|---|
| *മാ സ്രോധത (ഋഗ്വേദം 6.32.9)* |
| *ഹിംസ ചെയ്യാതിരിക്കൂ* |



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**"അ**തിനാൽ അല്ലയോ ദ്രുപദരാജാവേ! ആ മുനികന്യകയാണ് ഈ ദിവ്യരൂപിണിയായ പുത്രിയായി ജനിച്ചിരിക്കുന്നത്. അതിനാൽ ഈ പൃഷത് വംശത്തിലെ സതി കന്യകയായ കൃഷ്ണക്ക് മഹാദേവൻ നേരത്തെതന്നെ അഞ്ചു പതികളെ നിശ്ചയിച്ചിട്ടുണ്ട്. ഇവൾ അത്യന്തഘോരമായ തപസ്സു ചെയ്ത് അങ്ങയുടെ പുത്രിയാവാൻ സൗഭാഗ്യം നേടി. "

"അല്ലയോ ദ്രുപദമഹാരാജാവേ! ഈ ദേവസവിതയായ സുന്ദരി തന്റെ കർമ്മത്താൽ അഞ്ചു പുരുഷന്മാരുടെ പത്നിയായിത്തീർന്നിരിക്കുന്നു. ദേവന്മാരുടെ ദേവനായ മഹാദേവൻ ദേവസ്വരൂപന്മാരായ പാണ്ഡവരുടെ പത്നിയാവാൻ ഇവളെ സൃഷ്ടിച്ചിരിക്കുകയാണ്. ഇനി താങ്കൾക്ക് എന്താണ് നല്ലത് എന്നു തോന്നുന്നത്, അതു ചെയ്താലും" മഹാഭാരതം ആദിപർവ്വം 196-ാം അദ്ധ്യായം 40-53 ശ്ലോകങ്ങൾ നോക്കിയാലും.

നേരത്തെ പറഞ്ഞ കള്ളക്കഥകൾക്ക് ബലം പോരായെന്നു തോന്നിയപ്പോൾ അവക്കുപിറകെ മറ്റൊരു കെട്ടുകഥ കൂടി തയ്യാറാക്കി.

ഈ അഞ്ചു പുരുഷന്മാരുടേയും പത്നിയായി ദ്രൗപദിയെ ശിവൻ തന്നെ തീരുമാനിച്ചതിനാൽ ഈ അഞ്ചുപേരുടേയും ഭാര്യയാവുന്നതിൽനിന്ന് ഇവളെ ആർക്ക് തടയാനാവും!

ഈ പറഞ്ഞ വസ്തുതകളെല്ലാം ബുദ്ധിയുടെ വെളിച്ചത്തിൽ നോക്കി പരിശോധിച്ചാൽ കാര്യങ്ങൾ വ്യക്തമാവും.

### രണ്ടാമത്തെ കെട്ടുകഥ

കുന്തിദേവിക്ക് സ്വയംവരത്തെക്കുറിച്ചുള്ള വിവരം എത്ര ദിനങ്ങൾക്കു മുമ്പായി അറിയാമായിരുന്നു? ബകാസുരന്റെ വധത്തിനുശേഷം ആ ബ്രാഹ്മണഗൃഹത്തിൽ യമ-നിയമങ്ങൾ പാലിച്ചുകൊണ്ട് പാണ്ഡവന്മാർ കഴിഞ്ഞിരുന്ന കാലത്ത് ഒരു ബ്രാഹ്മണൻ അവിടെ നിന്ന് സ്വയംവര വൃത്താന്തം അറിയിക്കുന്നു.

### ബകാസുരവധം

**തതഃദഗ്നപാർശ്വാംഗോ നദിത്വാ ഭൈരവം രവം|**
**ശൈലരാജ പ്രതീകാശോ ഗതാസുര ഭവദ് ബകഃ ||**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 163 ശ്ലോകം 1)

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



**വൈ**ഷ്ണവ ബ്രാഹ്മണർ വരക്കുന്നതുപോലെ ഒരു മുക്കോബിയും വരച്ചു നെറ്റിമേൽ. രാമകൃഷ്ണൻ തിരിച്ചും മറിച്ചും നോക്കി ഉറക്കെ ചിരിച്ചു. "ഇപ്പോൾ ശരിക്കും ഒരു പണ്ഡിറ്റായി, അതെ, പണ്ഡിറ്റ് പാച്ചൻ.... ആട്ടെ, കാശെന്തുണ്ട് കയ്യിൽ? കള്ളവണ്ടി വേണ്ടി വരുമോ?" രാമകൃഷ്ണൻ തമാശ പൊട്ടിച്ചു.

പാച്ചൻ പേഴ്സെടുത്ത് എണ്ണി നോക്കിയപ്പോൾ അതിൽ 20 രൂപയാണുള്ളത്. ലാഹോറിലേക്ക് പോകേണ്ടത് ഡൽഹി വഴിയാണ്.

"ഡൽഹിക്ക് ചാർജ്ജ്?" പാച്ചൻ ആശങ്കാകുലനായി തലതാഴ്ത്തി ആത്മഗതം പോലെ പിറുപിറുത്തു.

"15 രൂപ" രാമകൃഷ്ണന്റ മറുപടി. ഒരു ഇടിമിന്നലേറ്റപോലെ പാച്ചൻ ഒന്നു ഞെട്ടി. പിന്നെ സംയമനം പാലിച്ച് സാധാരണനിലകൊണ്ടു.

"അപ്പോൾ ഡൽഹിയിൽ ചെന്നാലെന്തുചെയ്യും? ആകെ 20 രൂപയാണ് കയ്യിലുള്ള മൂലധനം. അതിൽനിന്ന് പതിനഞ്ചുപോയാൽ പിന്നെ അഞ്ചുരൂപയേ ബാക്കിയുണ്ടാകൂ. എന്തു ചെയ്യും എന്റീശ്വരാ!" ആപത്ഘട്ടത്തിൽ പരാജയ ഭീതിപൂണ്ട് അവസാനം ഏതു നിരീശ്വരവാദിയും വിളിച്ചു പോകുന്ന വിളിയുമായി പാച്ചൻ മേലോട്ട് നോക്കി.

"പേടി അരുത്. ജീവിതം യുദ്ധക്കളമാണ്. ഭയാശങ്ക ശ്രേഷ്ഠർക്ക് ചേർന്നതല്ല. അനാര്യജുഷ്ടവും അസ്വർഗ്യവും അകീർത്തികരവുമാണത്. അതുകൊണ്ട് ക്ലൈബ്യങ്ങളായ തടസ്ഥങ്ങളെ ആത്മ വിശ്വാസപരവും വിവേകബുദ്ധിപരവുമായ ധീരതകൊണ്ട് തട്ടിത്തകർത്ത് വിക്ഷുബ്ധോത്തുംഗ തരംഗങ്ങളിൽ പെട്ട് പൊങ്ങിയും കുശലതയോടെ തുഴഞ്ഞ് ലക്ഷ്യത്തിലേക്ക് മുന്നേറുന്ന അമരക്കാരനെപ്പോലെ ലക്ഷ്യസ്ഥിരചിത്തനും കളങ്കരഹിതനുമായി മുന്നേറിക്കോളൂ. അവിടെ ഡൽഹിയിൽ ഞാനറിയുന്ന ഒരാഫീസറുണ്ട്. അദ്ദേഹം ധനകാര്യവകുപ്പിലെ സെക്രട്ടറിയാണ്. പേര് പത്മനാഭൻ നായർ. ഞാനദ്ദേഹത്തിനൊരു എഴുത്തു തരാം. അതു കൊണ്ടുപോയി കൊടുത്ത് കാര്യം പറഞ്ഞാൽ ബാക്കി കാര്യങ്ങൾ അദ്ദേഹം ശരിപ്പെടുത്തിത്തരും"

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*